ഫാർമസ്യൂട്ടിക്കൽ സയൻസ് കോളേജുകളിൽ അദ്ധ്യാപക നിയമനം

119 [3171] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, എം. മുരളി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. വി. തോമസ്:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആഭിമുഖ്യത്തിൽ ഫാർമസ്യൂട്ടിക്കൽ സയൻസ് കോളേജുകൾ എവിടെയെല്ലാം നടത്തിവരുന്നു;

(ബി) ഈ കോളേജുകളിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിൽ 1-3-2005-ലെ നിലയനുസരിച്ച് ഒഴിവുകൾ എത്ര;

(സി) പ്രസ്തുത ഒഴിവുകളിൽ നിയമിക്കുന്നതിന് അനുയോജ്യരായവരുടെ ലിസ്റ്റ് തയ്യാറാക്കുവാൻ എന്നെല്ലാം ഡിസ്ട്രിക്ട് പ്രൊമോഷൻ കമ്മിറ്റി യോഗം ചേർന്നു;

(ഡി) പ്രസ്തുത യോഗത്തിൽ മുകളിൽ പറഞ്ഞ തസ്തികകളിൽ നിയമിക്കപ്പെടേണ്ടവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഉടനടി ഡി.പി.സി. യോഗം കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി നിയമനം കൊടുക്കുവാൻ നിർദ്ദേശം നൽകുമോ;

(എഫ്) പ്രസ്തുത പോസ്റ്റുകളിലേയ്ക്ക് പ്രൊമോഷൻ വഴി നിയമനം നൽകുമ്പോൾ നിലവിലുള്ളവയുൾപ്പെടെ ലക്ചറർ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടാകും;

(ജി) ലക്ചറർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(എച്ച്) ഇവയിൽ നിയമനം നടത്താൻ അടിയന്തിര നിർദ്ദേശം നൽകുമോ;

(ഐ) മുകളിൽ പറഞ്ഞ പ്രൊമോഷൻ നടക്കുമ്പോൾ ലക്ചറർ തസ്തികകളിൽ വരുന്ന ഒഴിവുകളിലേക്ക് ഉടനടി നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഫാർമസ്യൂട്ടിക്കൽസ് സയൻസ് കോളേജുകൾ നടത്തിവരുന്നു.

(ബി) 1-3-2005-ലെ നിലയനുസരിച്ച് ഈ കോളേജുകളിൽ താഴെ പറയുന്ന ഒഴിവുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫസർ-1

അസോസിയേറ്റ് പ്രൊഫസർ-3

അസി. പ്രൊഫസർ-6

(സി ആന്റ് ഡി) 15-2-2005-ൽ ഫാർമസി വിഭാഗത്തിന്റെ ഡി.പി.സി. കൂടുവാൻ നിശ്ചയിച്ചിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ കൂടാൻ കഴിഞ്ഞില്ല.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) 10 ഒഴിവുകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) ഒഴിവുകൾ ഇല്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) നടപടികൾ സ്വീകരിക്കുന്നതാണ്.

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ തസ്തിക നികത്തൽ

120 [3172] ശ്രീ. നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ എത്ര തസ്തികകളൊഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

തൃപ്പനച്ചി, കിഴുവിന പി.എച്ച്.സി.-കളിൽ ഡോക്ടർമാരെ നിയമിക്കൽ

121 [3173] ശ്രീ. ഇസ്ഹാക്കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ തൃപ്പനച്ചി, കിഴുവിന പി.എച്ച്.സി.-കളിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടോ; എങ്കിൽ എത്ര;

(ബി) ഈ തസ്തികകൾ എന്നു മുതൽ ഒഴിഞ്ഞുകിടക്കുന്നു.;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly